ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ) : ഇക്കാര്യത്തിലുള്ള തർക്കങ്ങളെല്ലാം തീർന്ന് പി. എച്ച്. ഇ. ഡി. പണം അടച്ചു. വർക്കിന് ഓർഡർ കൊടുത്തിട്ടുണ്ട്.

(7) കാസർകോട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രിയിലെ എക്സറേ പ്ലാൻറ്

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ആയിരക്കണക്കിന് മൽസ്യത്തൊഴിലാളികളും അതുപോലെ തന്നെ മറ്റ് തൊഴിലാളികളും ഹരിജനങ്ങളും ഗിരിജനങ്ങളും ആശ്രയിക്കുന്ന ഏക ആശുപത്രിയാണ് കാസർകോട് താലൂക്ക് ഹെഡ്കാർട്ടേഴ്സ് ആശുപത്രി. 1980-ൽ നിയമസഭയിലേക്ക് ഞാൻ ആദ്യമായി കടന്നു വന്ന അന്നുമുതൽ തന്നെ അവിടെയൊരു എക്സറേ പ്ലാൻറ് സ്ഥാപിക്കണമെന്ന ആവശ്യമുന്നയിച്ച് വളരെയേറെ സമ്മർദ്ദം ചെലുത്തിയിരുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ അടുത്ത കാലത്തായി അവിടെ ഒരു പുതിയ പ്ലാൻറ് അനുവദിക്കപ്പെട്ടു എന്നാണ് അറിയാൻ കഴിഞ്ഞത്. അത് ഇപ്പോൾ ആരോഗ്യ വകുപ്പ് വേറെ ഏതോ സ്ഥലത്തേക്ക് മാറ്റാൻ ആലോചിക്കുന്നതായി അറിയുന്നു. അതിനാൽ ആ പ്രദേശത്തെ ആളുകൾ ഇപ്പോൾ വളരെയേറെ നിരാശരാണ്. അടിയന്തിരമായി ആശുപത്രിയുടെ എക്സറേ പ്ലാൻറ് അവിടെ നിലനിർത്താനുള്ള എല്ലാ നടപടികളും സ്വീകരിക്കണം, ഈ ആശുപത്രിയുടെ ഒരായിരം പ്രശ്നങ്ങൾ ഇവിടെ പറയാനുണ്ട്. ബഹുമാനപ്പെട്ട മെയർ സമയം വളരെ കർശനമായി നിയന്ത്രിച്ചതുകൊണ്ട് മറ്റ് കാര്യങ്ങളിലേക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): എക്സറേ പ്ലാൻറ് വാങ്ങാനുള്ള കൽപ്പന അയച്ചിട്ടുണ്ട്. അതിൻറെ പർച്ചേഴ്സിനെ സംബന്ധിച്ച റിക്കാർഡ് പർച്ചേഴ്സ് കമ്മിറ്റിക്ക് റഫർ ചെയ്തു. പർച്ചേഴ്സ് കമ്മിറ്റി ചില വിശദവിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ആ വിവരങ്ങൾ കിട്ടിക്കഴിഞ്ഞാൽ ഉടൻതന്നെ വാങ്ങി സ്ഥാപിക്കുന്നതാണ്.

(8) പല്ല-പൈന്നൂർ ലക്ഷം വീട് കോളനിയിലെ ഒരു മുസ്ലീം സ്ത്രീയുടെ തിരോധാനം

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ : സർ, എൻറെ നിയോജകമണ്ഡലത്തിൽ പെട്ട പല്ല-പൈന്നൂർ ലക്ഷംവീട് കോളനിയിൽ അലീമത്ത് എന്ന ഒരു മുസ്ലീം സ്ത്രീ പ്രസവിച്ച് 19-ാം ദിവസമായപ്പോൾ കാണാതായി. അതിനെ സംബന്ധിച്ച് ലോക്കൽ പോലീസിൽ പല പ്രാവശ്യം അന്വേഷണത്തിന് ആവശ്യപ്പെട്ടിട്ടും ഫലപ്രദമായ ഒരു അന്വേഷണം നടന്നിട്ടില്ല. ഇത് നേരിട്ട് ക്രൈംബ്രാഞ്ചിനെ കൊണ്ട് അന്വേഷിപ്പിച്ച് വസ്തുത പുറത്തുകൊണ്ടു വരാത്തതിനാൽ മൂന്നരമാസമായി അവിടെ നാട്ടുകാരുടെ ആക്ഷൻ കമ്മിറ്റി സമരം ചെയ്തുകൊണ്ടിരിക്കുകയാണ്. ആ സ്ത്രീയുടെ നാല് വയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടിനാട്ടിൽ മുഴുവൻ നടന്ന് അമ്മയെ കാണണമെന്ന് ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അടിയന്തിരമായി ഇത് ക്രൈംബ്രാഞ്ചിന് വിട്ടുകൊടുത്ത് അന്വേഷണം നടത്തി സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ ഗവൺമെൻറ് സഹായിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, പ്രസ്തുത സംഭവം ആ നാട്ടിൽ വളരെ ഉൽക്കണ്ഠ ഉളവാക്കിയിട്ടുള്ള ഒന്നാണ്. ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

എം. എൽ. എ. അടക്കമുള്ള ആളുകൾ ഇത് ക്രൈംബ്രാഞ്ചിന് വിടണമെന്നു പറഞ്ഞു കൊടുത്ത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അത് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്. എത്രയും വേഗം നടപടി സ്വീകരിക്കാനുള്ള എല്ലാ നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്.

(9) പാലക്കാട് ജില്ലയിലെ വരൾച്ച

ശ്രീ. കെ. ഇ. ഇസ്മയിൽ : സർ, പാലക്കാട് ജില്ല വരൾച്ചയുടെ പിടിയിലാണെന്ന് ഈ സഭയിൽ പല പ്രാവശ്യം പറഞ്ഞു കഴിഞ്ഞതാണ്. പട്ടാമ്പിയിലാണെങ്കിൽ വാട്ടർ സപ്ലൈയുടെ പ്രവർത്തനം തീരെ അപര്യാപ്തമാണ്. നല്ല കാലത്തുപോലും നാഴിവെള്ളം കിട്ടാത്ത ഒരു വാട്ടർ സപ്ലൈയാണ് അവിടെയുള്ളത്. ആ പ്രദേശത്തു മുഴുവൻ ഇപ്പോൾ കുടിവെള്ളം കിട്ടാത്തതുകൊണ്ട് അവിടത്തെ ആളുകൾ പ്രതിസന്ധിയിലാണ്. പട്ടാമ്പിയിൽ വളരെ പാരമ്പര്യവും പഴക്കവുമുള്ള ഒരു കോളേജ് പ്രവർത്തിക്കുന്നുണ്ട്. ആ കോളേജിൽ ആയിരത്തിലേറെ വിദ്യാർത്ഥികൾ പ്രത്യേകിച്ച് പെൺകുട്ടികൾ താമസിക്കുന്ന ഹോസ്റ്റലിൽ ഒരു തുള്ളി വെള്ളംപോലും കിട്ടാത്തതിനെ തുടർന്ന് വിദ്യാർത്ഥികൾ പഠിപ്പു മുടക്കാൻ തീരുമാനിച്ചു. പി. ടി. എ. കമ്മിറ്റി കൂടി വിദ്യാർത്ഥികളുടെ പ്രക്ഷോഭം തുടരുന്നുവെങ്കിൽ കോളേജ് അടച്ചിടണമെന്ന് തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ട് അടിയന്തിരമായി കോളേജ് കോമ്പൗണ്ടിൽ കുഴൽ കിണർ കുഴിച്ചോ മറെറന്തെങ്കിലും സംവിധാനത്തിലോ വെള്ളം എത്തിച്ചു കൊടുക്കാൻ ആവശ്യമായ നടപടികൾ എടുക്കണം. പ്രത്യേകിച്ച് ഒരാഴ്ചക്കുള്ളിൽ അതിന് ഒരു നടപടിയുണ്ടാകുന്നില്ലെങ്കിൽ വിദ്യാർത്ഥികളുടെ വലിയ പ്രക്ഷോഭം ഉണ്ടാകും. അതിനാൽ മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകം താൽപ്പര്യമെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ പുഴയിൽ നിന്ന് പമ്പ് ചെയ്തു ടാങ്കിൽ വെള്ളം നിറച്ച് ഉദ്ദേശം 60-70 ടാപ്പുകളിൽക്കൂടി 480 കണക്ഷൻസ് ആണ് കൊടുത്തിട്ടുള്ളത്. അതിനും പുറമെ അഞ്ച് കുഴൽ കിണറുകൾ കുഴിച്ച് വെള്ളം സപ്ലൈ ചെയ്തു വരുന്നുണ്ട്. ഈ വർഷം വെള്ളത്തിന്റെ കുറവിനെ സംബന്ധിച്ച് എല്ലാവർക്കും അറിയാം. കോളേജിനെ സംബന്ധിച്ചിടത്തോളമുള്ള ബുദ്ധിമുട്ട് എന്നു പറയുന്നത്, ഈ കോളേജ് വളരെ ഉയർന്ന പ്രദേശത്തായതുകൊണ്ട്. അവിടെ പമ്പ് ചെയ്തു വെള്ളം എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടുണ്ട്. ഏതായാലും തൽക്കാലം ഒരു മണിക്കൂർ കൊടുക്കാനേ സാധിക്കൂ. അതിനുള്ള ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. തുടർന്ന് എത്ര കണ്ട് സാധിക്കുമെന്നുള്ളത് പരിശോധിച്ചു വരികയാണ്.

(10) പള്ളുരുത്തിയിലെ പാക്വെൽ (കേരള) ഇൻഡസ്ട്രീസിലെ ലോക്കൗട്ട്

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : സർ, കഴിഞ്ഞ മൂന്നു മാസത്തിലധികമായി പള്ളുരുത്തിയിലുള്ള പാക്വെൽ (കേരള) ഇൻഡസ്ട്രീസ് എന്ന സ്ഥാപനം അടച്ചു പൂട്ടിയിരിക്കുകയാണ്. ഈ മാനേജ്മെൻറിന് വേറെ സംസ്ഥാനങ്ങളിലും ഇതേ സ്ഥാപനങ്ങളുണ്ട്. കഴിഞ്ഞ വർഷത്തേയും അതിന് മുമ്പുള്ള വർഷത്തേയും ബോണസ് അവർക്ക് കൊടുത്തിട്ടില്ല. 31-3-1985-ൽ അവസാനിച്ച ദീർഘകാല കരാറിനെ തുടർന്ന് ഒരു പുതിയ ഡിമാൻറ് തൊഴിലാളികൾ വച്ചിട്ടുണ്ട്. ഈയൊരു ഘട്ടത്തിൽ, ഇതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly